## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 113 — 5. 3. 2012 - ൽ മറുപടിക്ക്

### സർക്കാരുദ്യോഗസ്ഥന്മാരുടെ പേരിൽ വിജിലൻസ് അന്വേഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എളമരം കരീം :<br>ശ്രീ.എം.ചന്ദ്രൻ :<br>ഡോ.കെ.ടി.ജലീൽ<br>ശ്രീ.കെ.കുഞ്ഞമ്മദ് മാസ്റ്റർ : | ശ്രീ.ഉമ്മൻ ചാണ്ടി,<br>മുഖ്യമന്ത്രി. |
| (എ ) സർക്കാർ ഉദ്യോഗസ്ഥന്മാരുടെ നടപടികളിൽ ഉണ്ടാകുന്ന വീഴ്ചകളുടെ പേരിൽ ഇനി വിജിലൻസ് അന്വേഷണം വേണ്ടതില്ലെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ; ഇതു സംബന്ധമായി മുഖ്യമന്ത്രി പ്രസ്താവന നടത്തുകയുണ്ടായോ ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; | (എ ) അഴിമതി, സ്വജന പക്ഷപാതം സർക്കാരിനുണ്ടാകുന്ന സാമ്പത്തിക നഷ്ടം എന്നീ കാര്യങ്ങളിൽ അന്വേഷണം നടത്തണം. നടപടിക്രമങ്ങളിലുള്ള വീഴ്ച മാത്രമാണുള്ളതെങ്കിൽ വകുപ്പുതല അന്വേഷണവും നടപടിയുമാണ് ആവശ്യമുള്ളത് എന്ന് പ്രസ്താവന നടത്തിയിട്ടുണ്ട്. |
| (ബി) ഉദ്യോഗസ്ഥർക്കെതിരെ ആക്ഷേപങ്ങൾ ഉണ്ടാകുമ്പോൾ ഏത് നിലയിലുള്ള നടപടി സ്വീകരിക്കാനാണുദ്ദേശിക്കുന്നത്; | (ബി) ഉദ്യോഗസ്ഥർക്കെതിരെയുള്ള ആക്ഷേപങ്ങളുടെ നിജസ്ഥിതി പരിശോധിച്ച് നിലവിലുള്ള ചട്ടങ്ങളും നിയമങ്ങളും പ്രകാരം നടപടി സ്വീകരിച്ചു വരുന്നു. |
| (സി) ഇതിനകം നടന്ന വിജിലൻസ് അന്വേഷണങ്ങളിൽ നടപടി ക്രമത്തിലുണ്ടായ വീഴ്ചകൾ കണ്ടെത്തപ്പെട്ട കേസുകളിൽ സർക്കാരിന്റെ നിലപാട് എന്താണ് ? | (സി) നടപടിക്രമങ്ങളിലുള്ള വീഴ്ചകൾ കണ്ടെത്തപ്പെട്ട കേസുകളിൽ വീഴ്ചകളുടെ ഗൗരവവും സ്വഭാവവും പരിഗണിച്ച് ഉചിതമായ നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ